## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.435 — 06.03.2012-ൽ മറുപടിക്ക്.

### ഗ്രാമസഭകൾ സജീവവും സാർത്ഥകവും ആക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ഗ്രാമസഭകൾ സജീവവും സാർത്ഥകവും ആക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) ചുവടെ ചേർത്തിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>1. കൃത്യമായ മുന്നൊരുക്ക പ്രവർത്തനം നടത്തുക.<br>2. ഒരേ സമയം ഒന്നിലധികം ഗ്രാമസഭകൾ കൂടാതിരിക്കുക.<br>3. അജണ്ട മുൻകൂട്ടി നിശ്ചയിക്കുക. ഇനം തിരിച്ചുള്ള അജണ്ട ലിസ്റ്റ് നോട്ടീസിൽ ഉൾപ്പെടുത്തുക<br>4. വരവ് - ചെലവ് കണക്കുകൾ, കരട് പ്രോജക്ട് നിർദ്ദേശങ്ങൾ, മുൻഗണനാലിസ്റ്റ് തുടങ്ങിയ രേഖകൾ മുൻകൂട്ടി അച്ചടിച്ച് യോഗത്തിൽ വിതരണം ചെയ്യുന്നതാണ്.<br>5. ഗ്രാമസഭാ യോഗങ്ങളിൽ പ്രസിഡന്റ്, സെക്രട്ടറി, മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ, ഭരണസമിതി അംഗങ്ങൾ എന്നിവരുടെ പങ്കാളിത്തം നിർബന്ധമായും ഉറപ്പാക്കുന്നതാണ്.<br>6. ഗ്രാമസഭകൾക്ക് സംഘാടക സമിതി രൂപീകരിച്ച് കാമ്പയിൻ മാതൃകയിൽ ഗ്രാമസഭ സംഘടിപ്പിക്കുന്നതാണ്<br>7. അയൽക്കൂട്ട പ്രവർത്തകർ, സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ സാമൂഹിക സംഘടനകളിലെ അംഗങ്ങൾ എന്നിവരെ പ്രചാരണ സംഘടന ചുമതല ഏൽപ്പിക്കുക. അംഗൻവാടി ജീവനക്കാർ, എസ്.സി/ എസ്.ടി.പ്രൊമോട്ടർമാർ എന്നിവർക്കും സംഘടനാ ചുമതല നൽകുക. |

contd…2

8. ഗ്രാമസഭാ നോട്ടീസ് എല്ലാ കുടുംബങ്ങൾക്കും നൽകിയെന്ന് ഉറപ്പു വരുത്തുക.
9. ഒരു സാമ്പത്തികവർഷത്തെ ആദ്യ ഗ്രാമസഭയിൽ മുൻവർഷത്തെ എല്ലാ വികസന ക്ഷേമ പ്രവർത്തനങ്ങളും അച്ചടിച്ച് നൽകി ചർച്ചയ്ക്ക് വിധേയമാക്കുക.
10. സോഷ്യൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക.
11. ഗ്രൂപ്പ് ചർച്ചകൾക്ക് നേതൃത്വം നൽകുവാൻ വർക്കിംഗ്ഗ്രൂപ്പ് ചെയർമാനെയും കൺവീനറെയും സഹായിക്കുന്നതിന് ഫെസിലിറ്റേറ്റർമാരെ നിയോഗിക്കുകയും അവർക്ക് ചുമതല കൾ നിശ്ചയിച്ച് നൽകുകയും ചെയ്യുക..
12. ഗ്രാമസഭാ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിന് കോ-ഓർഡിനേറ്ററായി ഒരു ഉദ്യോഗസ്ഥനെ മുൻകൂട്ടി നിശ്ചയിക്കുക.

ഇതോടൊപ്പം തന്നെ ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിനായി കിലയുടെ ആഭിമുഖ്യത്തിൽ കർമ്മ പദ്ധതികളും ആവിഷ്കരിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിനുവേണ്ടി വിശേഷാൽ ഗ്രാമസഭകൾ വിളിച്ച് ചേർക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികൾക്ക് പണം നീക്കിവെയ്ക്കുന്ന നിലവിലെ സ്ഥിതിക്ക് പകരം ഗ്രാമസഭകൾ വഴി തനത് പദ്ധതികൾക്ക് കൂടുതൽ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | (one answer for ബി and സി) |

സെക്ഷൻ ഓഫീസർ.